Draft #10 of File 25899/AC A1-1/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 23-Jun-2021 12:37 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>**സംഗ്രഹം**</u>

മലഅരയ എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ കീഴിൽ 2021-2022 അദ്ധ്യയന വർഷം ട്രൈബൽ ആർട്സ് & സയൻസ് കോളേജ്,നാട്ടുകാണി എന്ന പേരിൽ പുതിയ എയ്ഡഡ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നത് - സർക്കാർ അനുമതിക്ക് വിധേയമായി അഫിലിയേഷൻ നൽകുവാൻ തീരുമാനിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 2844/AC A 1/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 24.06.2021

---

*പരാമർശം:*-1.19.06.2020 തീയതിയിൽ മല അരയ എഡ്യൂക്കേഷണൽ ട്രസ്റ്റ് സെക്രട്ടറി സമർപ്പിച്ച അപേക്ഷ

2. സർവ്വകലാശാല ഉത്തരവ് നം. 1097/ACA1/2021എം.ജി.യു. തീയതി. 19.02.2021
3. സർവ്വകലാശാല ഉത്തരവ് നം. 1135/ACA1/2021എം.ജി.യു. തീയതി. 23.02.2021
4. സർവ്വകലാശാല ഉത്തരവ് നം. 1346/ACA1/2021എം.ജി.യു. തീയതി. 05.03.2021
5. 24.05.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. 250/21.02/25899/ACA1-1/2020

<u>**ഉത്തരവ്**</u>

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ അറക്കുളം പഞ്ചായത്തിൽ "ട്രൈബൽ ആർട്സ് & സയൻസ് കോളേജ്, നാട്ടുകാണി" എന്ന പേരിൽ ഒരു എയ്ഡഡ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ ലഭിച്ചിരുന്നു. ടി അപേക്ഷ പരിഗണിച്ചുകൊണ്ട് കോളേജ് ആരംഭിക്കുന്നതിനാവശ്യമായ അക്കാദമിക,ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുവാനായി പരാമർശം (2),(3)& (4) പ്രകാരം പരിശോധന സമിതി, വിഷയ വിദഗ്ദ്ധർ എന്നിവരെ നിയമിക്കുകയും ടി സമിതി താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

- കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ 5 ഏക്കർ സ്ഥലം ഉള്ളതായി ബോധ്യപ്പെട്ടു. സ്ഥലത്തിന്റെ അസൽ ആധാരം, കൈവശാവകാശ സർട്ടിഫിക്കറ്റ്, കരമടച്ച രസീത്, ലൊക്കേഷൻ സ്കെച് എന്നിവ കണ്ട് ബോധ്യപ്പെട്ടു.
- കോളേജിനാവശ്യമായ സ്ഥലം ബാധ്യത രഹിതമായി ട്രസ്റ്റിനുള്ളതായി കാണുന്നു.
- കോളേജ് തുടങ്ങുന്നതിനാവശ്യമായ കെട്ടിടങ്ങൾ പരിശോധിച്ച് വിലയിരുത്തിയതിൽ 12 ക്ലാസ് റൂമുകൾ, 4 ലബോറട്ടറി റൂമുകൾ, ലൈബ്രറി, സ്റ്റാഫ് റൂം, പ്രിൻസിപ്പാൾ റൂം, ഓഫീസ് റൂം അടക്കം ഒന്നാം വർഷ ക്ലാസുകൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതായി കാണുന്നു.
- കുട്ടികളുടെ ടോയ്‌ലെറ്റ്,പെൺകുട്ടികളുടെ ഹോസ്റ്റൽ,കാന്റീൻ,വികസിപ്പിച്ചെടുക്കാവുന്ന കളിസ്ഥലം എന്നിവയുണ്ട്.
- വൈദ്യുതി, കുടിവെള്ളം, ഇന്റർനെറ്റ് കണക്ഷൻ എന്നീ സൗകര്യങ്ങൾ ഉണ്ട്
- ലബോറട്ടറിയിലേക്കുള്ള ഉപകരണങ്ങളും മറ്റു സംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്.

- ലൈബ്രറിയിൽ 500 ൽ അധികം പുസ്തകങ്ങൾ ഉണ്ട്. എന്നാൽ ക്ലാസ് ആരംഭിക്കുമ്പോഴേക്കും സിലബസ് പ്രകാരമുള്ള പുസ്തകങ്ങൾ ആവശ്യമാണ്.
- കുറവുകൾ പരിഹരിച്ചുകൊള്ളാമെന്നുള്ള ട്രസ്റ്റ് സെക്രട്ടറിയുടെ സത്യവാങ്മൂലം പരിഗണിച്ച് കോളേജ് താഴെ കൊടുത്തിരിക്കുന്ന പ്രോഗ്രാമുകളോട് കൂടി തുടങ്ങുവാൻ ശിപാർശ ചെയ്യുന്നു.

1. B.A History Model I
2. B.Sc Zoology Model I
3. B.Com Finance and Taxation Model I
4. B.A Economics Model I
5. B.Sc Food Science and Quality Control Model III

പരിശോധന സമിതിയുടെ റിപ്പോർട്ട് സർവ്വകലാശാല സിൻഡിക്കേറ്റ് പരിഗണിക്കുകയും പരാമർശം (5) പ്രകാരം താഴെ കൊടുത്തിരിക്കുന്ന തീരുമാനമെടുക്കുകയും ചെയ്തു.

"മലഅരയ എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ കീഴിൽ 2021-2022 അദ്ധ്യയന വർഷം ട്രൈബൽ ആർട്സ് & സയൻസ് കോളേജ്,നാട്ടുകാണി എന്ന പേരിൽ പുതിയ എയ്ഡഡ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള അപേക്ഷ പരിഗണിച്ച് അക്കാദമിക ഭൗതിക സാഹചര്യങ്ങൾ പരിശോധിക്കുവാനായി നിയമിക്കപ്പെട്ട പരിശോധന സമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനും സർക്കാർ അനുമതിക്ക് വിധേയമായി ട്രൈബൽ ആർട്സ് & സയൻസ് കോളേജ്, നാട്ടുകാണി എന്ന കോളേജിൽ താഴെ പറയുന്ന കോഴ്സുകൾ ആരംഭിക്കുന്നതിനും തീരുമാനിച്ചു."

B.A History Model I
B.Sc Zoology Model I
B.Com Finance and Taxation Model I
B.A Economics Model I
B.Sc Food Science and Quality Control Model III

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സെക്രട്ടറി, മല അരയ എഡ്യൂക്കേഷണൽ ട്രസ്റ്റ്
2. വൈസ് ചാൻസിലർ/പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പിഎസ് മാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫിസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പിഎ മാർ
4. എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്)
5. എസി എ 1/എസിസി2/എസി ബി6/സിറ്റാഡ്/എ റ്റി ആർ
6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി.
7. കരുതൽ ഫയൽ/റിക്കാർഡ്സ്/യൂണിവേഴ്സിറ്റി വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

Draft #10 of File 25899/AC A1-1/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 23-Jun-2021 12:37 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സെക്ഷൻ ഓഫീസർ

Draft #10 of File 25899/AC A1-1/2020/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 23-Jun-2021 12:37 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം